13037
23/12/13

Office of the Chief Engineer
LSGD, Thiruvananthapuram

**കേരള സർക്കാർ**

**തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ലിയു) വകുപ്പ്**

നം. 40875/ഇ.ഡബ്ലിയു.3/13/തസ്വഭവ. തിരുവനന്തപുരം, തീയ്യതി, 05-12-2013.

## സർക്കുലർ

വിഷയം:- തസ്വഭവ - കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് - ഖണ്ഡിക 4.1 - വൈദ്യുതി ശ്മശാനത്തിനുള്ള പവർലോഡും ലൈറ്റ്‌ലോഡും വേർതിരിച്ച് നഷ്ടം ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന:-
1. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് - ഖണ്ഡിക 4.1 - കോഴിക്കോട് കോർപ്പറേഷൻ ലഭ്യമാക്കിയ മറുപടി.
2. തസ്വഭവ. ചീഫ് എഞ്ചിനീയറുടെ 28-10-2013-ലെ ഡി.ബി.4/6433/13/സി.ഇ/തസ്വഭവ നമ്പർ കത്ത്.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വൈദ്യുതി ശ്മശാനത്തിനുള്ള പവർലോഡും ലൈറ്റ്‌ലോഡും വേർതിരിക്കാത്തത് 11.24 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന വൈദ്യുതിചാർജ്ജ് അടക്കുന്ന തിലേക്ക് നയിച്ചു എന്ന 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4.1-ലെ പരാമർശം സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 05-06-2013-ലെ യോഗം പരിഗണിച്ച അവസരത്തിൽ കെ.എസ്.ഇ.ബി ചട്ടങ്ങളെക്കുറിച്ച് അറിവില്ലാത്തതിനാൽ സംഭവിച്ച അപാകതയാണെന്നും ഇലക്ട്രിക്കൽ എഞ്ചിനീയറുടെ തസ്തിക ഇല്ലാത്തതിനാൽ സിവിൽ എഞ്ചിനീയർക്ക് ചാർജ് നൽകിയിരിക്കുകയാണെന്ന് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. ഇത്തരത്തിലുള്ള നഷ്ടം ഒഴിവാക്കുന്നതിന് വേണ്ട നിർദ്ദേശം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് സർക്കാർ ഉറപ്പ് നൽകിയിരുന്നു.

ഇക്കാര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 2011 ജൂണിൽ പവർലോഡും, ലൈറ്റു ലോഡും വേർതിരിച്ചു പ്രത്യേകം മീറ്റർ സ്ഥാപിച്ചിരുന്നതായി നഗരസഭാ റിപ്പോർട്ടിൽ പറയുന്നുണ്ട് എന്നും എന്നാൽ ഇപ്പോൾ വീണ്ടും കെ.എസ്.ഇ.ബി. പ്രത്യേകം മീറ്ററുകൾ മാറ്റി ഒറ്റ മീറ്റർ സ്ഥാപിച്ചു ശ്മശാനത്തിലെ വൈദ്യുതി ഉപയോഗം അളന്നുവരുന്നതായി അറിയുന്നു എന്നും തദ്ദേശ സ്വയം ഭരണ വകുപ്പിൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടെ അഭാവമാണ് ഇത്തരം നടപടികൾ ഉണ്ടാകുന്നതിന് കാരണമെന്ന് അനുമാനിക്കുന്നതായും അറിയിച്ചിരിക്കുന്നു.

DB4

(.......2)

DB4

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:.

1. വൈദ്യുതി ശ്മശാനമുള്ള എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും പവർ ലോഡും ലൈറ്റ് ലോഡും വേർതിരിച്ചു പ്രത്യേക മീറ്ററുകൾ സ്ഥാപിച്ചു വൈദ്യുതി ഉപയോഗം അളക്കുന്നതിനുള്ള ഒരു സംവിധാനം കെ.എസ്.ഇ.ബി. മുഖാന്തിരം നടപ്പാക്കുന്നതിന് ആവശ്യമായ നടപടി അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് സർക്കാർ നൽകിയ ഉറപ്പ് പാലിക്കുന്നതിനും മേൽപറഞ്ഞ പ്രകാരമുള്ള നഷ്ടം ഒഴിവാക്കുന്നതിനും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുന്നതുവരെ ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിച്ചു കൊണ്ട്, ദിവസ വേതനാടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയർമാരെ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിയമിക്കാവുന്നതാണ്.

3. ദിവസ വേതനാടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയർമാരെ നിയമിക്കുമ്പോൾ ഉണ്ടാകുന്ന ചെലവ് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും കണ്ടെത്തേണ്ടതാണ്.

**ഡോ. രാജൻ ഖോബ്രാഗഡെ,**
**ഗവൺമെന്റ് സെക്രട്ടറി.**
**തദ്ദേശ സ്വയം ഭരണ വകുപ്പ്.**

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
5. തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
6. എല്ലാ ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് സെക്രട്ടറിമാർക്കും
7. എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും
8. തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ് (19-06-2013-ലെ 61554/എ.സി.1/11/തസ്വഭവ. പ്രകാരം)
9. വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ